©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ഒക്ടോബർ 17
17th October 2025
1201 കന്നി 31
31st Kanni 1201
1947 ആശ്വിനം 25
25th Aswina 1947

നമ്പർ
No.
3684

ഫോറം നമ്പർ 7
[റൂൾ 18(1) കാണുക]
വിജ്ഞാപനം

DCKNR/12922/2023-C7 *2025 ഒക്ടോബർ 17*

കേരള സർക്കാർ 04.12.2015 തീയ്യതിയിലെ ജി ഒ (പി)നമ്പർ 649/2015/ആർ ഡി നമ്പർ വിജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ എ (ജനറൽ) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നും വില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻപ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ എ) കളക്ടേറ്റ്, കണ്ണൂർ പുനരധിവാസത്തിനും പുന:സ്ഥാപത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കണ്ണൂർ ജില്ലയിൽ നടാൽ പുഴയ്ക്ക് കുറുകെ നടാൽ പാലം നിർമ്മിക്കുന്നതിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ടും

ആയത്കൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനസ്ഥാപത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താൽപര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതിങ്കിൽ മുതൽ അറുപത് ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച് പൊതു അറിയിപ്പ് നൽകിയ ശേഷം അറുപത് ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ എൽ എ(ജനറൽ) തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ് . നിശ്ചിത കാലപരിധിക്കു ശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും /ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താൽപര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക-1
(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരുന്നത്)

ജില്ല- കണ്ണൂർ *താലൂക്ക്*-കണ്ണൂർ
അംശം – എടക്കാട് *ദേശം* – എടക്കാട്

ക്രമ നം	സർവ്വെ നം	വിവരണം	വിസ്തീർണ്ണം (ഹെ.ആർ.ച.മീ)	ഏതു പൊതു ആവശ്യത്തിന് എന്ന്	ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം	കൈവശക്കാരുടെ വിവരങ്ങൾ
1	35	തോട്ടം	0.0526 ആർ	നടാൽ പുഴയ്ക്ക് കുറുകെ നടാൽ പാലവും അനുബന്ധ റോഡ് നിർമ്മാണവും	ഒരു കട മുറി ഉൾപ്പെടുന്നു. ടി കടമുറി പൊളിച്ചുമാറ്റുമ്പോൾ അടുത്ത കടമുറിയേയും ബാധിച്ചേക്കാം. ഒരു പെട്ടിക്കടയും ഉൾപ്പെടുന്നു.	1.കുന്നിന് താഴെ കുനിയിൽ സാജിദ 'ഐസ്ലിൻ', നിയർ കൊർജൻ യു.പി സ്കൂൾ, കക്കാട് പി.ഒ 2. റാഫി മുതൽപേർ അയ്യ മൻസിൽ, മുഴപ്പിലങ്ങാട് പി.ഒ 3.കൃഷ്ണൻ മാടായി മുതൽപേർ നം 109, ഫസ്റ്റ് ഫ്ലോർ മംമ്ത എലൈറ്റ് അപ്പാർട്ട്മെന്റ്, 2153 ലേഔട്ട് റോഡ്, ജനത കോളനി, ബാംഗ്ലൂർ 560035

പട്ടിക-2
(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരുന്നത്)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ജില്ല– കണ്ണൂർ *താലൂക്ക്*–കണ്ണൂർ
അംശം – എടക്കാട് *ദേശം* – കുറ്റിക്കകം

ക്രമ നം	സർവ്വെ നം	വിവരണം	വിസ്തീർണ്ണം (ഹെ.ആർ. ച.മീ)	ഏതു പൊതു ആവശ്യത്തിന് എന്ന്	ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം	കൈവശക്കാരുടെ വിവരങ്ങൾ
1	45	നിലം	0.1994 ഹെക്ടർ	നടാൽ പുഴയ്ക്ക് കുറുകെ നടാൽ പാലവും അനുബന്ധ റോഡ് നിർമ്മാണവും	ബാധകമല്ല	1. കെ മുഹമ്മദ് ഫറൂസ് 'ഷഫാസ്', കണ്ണൂർ 2. റിയാസ് മുതൽപേർ തയ്യിൽ ഹൗസ് , കുറ്റിക്കകം
2	48	തോട്ടം				3.തങ്കം വികെ മുതൽപേർ 'ഉഷാര', കുറ്റിക്കകം പി.ഒ എടക്കാട് 4. പുതിയോന്നൻ പത്മനാഭൻ മുതൽപേർ 'പ്രേംസാഗർ', ഊർപ്പഴശ്ശിക്കാവ് റോഡ്, പി ഒ എടക്കാട് 5.പുതിയോന്നൻ മീനാക്ഷി എം മുതൽപേർ പുതിയോന്നൻ ഹൗസ്, കിഴുന്ന പി ഒ 6.സഹദേവൻ 'വരപ്രസാദം', കുറ്റിക്കകം പി ഒ

<u>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം</u>

കണ്ണൂർ ജില്ലയിൽ കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്ന നടാൽ പുഴയ്ക്ക് കുറുകെ നടാൽ പാലം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013 ലെ RFCTLARR ആക്ട് പ്രകാരമുള്ള സാമൂഹികാഘാത പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് വിലയിരുത്തി വിദഗ്ധ സമിതി ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് ശുപാർശ സമർപ്പിച്ചിരുന്നു. നിലവിലുള്ള നടപ്പാലത്തിന്റെ അപകടാവസ്ഥയും വാഹന ഗതാഗതം സാധ്യമല്ലാത്തതിനാലും ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് പുതിയ പാലവും അനുബന്ധ റോഡും നിർമ്മിക്കുക എന്നത് പ്രദേശത്തിന്റെ അടിയന്തിരാവശ്യമാണ്. നടാൽ കിഴുന്ന പ്രദേശത്തെ ബന്ധിപ്പിക്കുന്ന പാലം നിർമ്മാണം പൂർത്തിയായാൽ പ്രദേശവാസികൾക്ക് വളരെയധികം സഹായകരമാകും. ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യത്തിനായതിനാലും പാരിസ്ഥിതികാഘാതം വളരെ കുറഞ്ഞതിനാലും ഏറ്റെടുക്കുന്ന സ്ഥലം പ്രസ്തുത ആവശ്യത്തിന് ഏറ്റവും കുറഞ്ഞ സ്ഥലമായതിനാലും നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(ഒപ്പ്/-)

ജില്ലാ കളക്ടർ , കണ്ണൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19.09.2015-മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും പ്രസ്തുത ചട്ടങ്ങളിലെ റൂൾ 18 പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഗ്രാമീണ നഗര പ്രദേശങ്ങളായി തരം തിരിച്ച് വിശദ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ ആവശ്യം കൈവരിക്കാൻ ഉദ്ദശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.17 07:26:22 +05:30